**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5833** **08-07-2024 - ൽ മറുപടിയ്ക്ക്**

**ബിൽഡിംഗ് പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബിൽഡിംഗ് പെർമിറ്റ് കാലവധി കഴിഞ്ഞതും എന്നാൽ ആദ്യ പെർമിറ്റ് തീയതി മുതൽ പത്ത് വർഷം കഴിയാത്തതുമായ ബിൽഡിംഗ് പെർമിറ്റുകൾ പുതുക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ബിൽഡിംഗ് പെർമിറ്റ് കാലാവധി കഴിഞ്ഞതും എന്നാൽ ആദ്യ പെർമിറ്റ് തീയതി മുതൽ 10 വർഷം കഴിയാത്തതുമായ ബിൽഡിംഗ് പെർമിറ്റുകൾ KMBR 2019/ KPBR 2019, Rule 15(4) പ്രകാരം പുതുക്കാവുന്നതാണ്. പെർമിറ്റ് പുതുക്കി നൽകാവുന്ന കാലാവധി ആദ്യ പെർമിറ്റ് തീയതി മുതൽ 10 വർഷം അധികരിക്കാൻ പാടുള്ളതല്ല എന്ന് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. |
| (ബി) | ഇത്തരം പെർമിറ്റുകൾ പുതുക്കുന്നതിന് ഫീസ് നിശ്ചയിക്കുന്നത് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ ഏത് സെക്ഷൻ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ; | (ബി) | KMBR 2019/ KPBR 2019, Rule 15(5) പ്രകാരം പെർമിറ്റ് ഫീസിന്റെ 50% നൽകിക്കൊണ്ട് ഇത്തരം പെർമിറ്റുകൾ പുതുക്കാവുന്നതാണ്. |
| (സി) | ബിൽഡിംഗ് പെർമിറ്റ് പുതുക്കി നൽകുന്നതിനുള്ള ഫീസ് വ്യത്യസ്ത രീതിയിൽ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫീസ് നിലവിലുള്ള ബിൽഡിംഗ് പെർമിറ്റ് ഫീസിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (സി) | ബിൽഡിംഗ് പെർമിറ്റ് പുതുക്കി നൽകുന്നതിനുള്ള ഫീസ് വ്യത്യസ്ത രീതിയിൽ വാങ്ങുന്നത് LSGD Planning-ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് പുതുക്കി നൽകുന്നതിനുള്ള ഫീസ് KMBR 2019/ KPBR 2019, Rule 15(5) പ്രകാരം പെർമിറ്റ് ഫീസിന്റെ 50% ആണ്. |
| (ഡി) | ബിൽഡിംഗ് പെർമിറ്റ് പുതുക്കുന്നതിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019-ലെ 15 (3)-ന് പകരമായി 15 (5) അനുസരിച്ച് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത വിഷയം LSGD Planning-ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br><br>KPBR 2019, Rule 15(3) permit extension fees (നീട്ടി നൽകുന്നത്) സംബന്ധിച്ചും, KPBR 2019, Rule 15(5) Permit Renewal fees (പുതുക്കി നൽകുന്നത്) സംബന്ധിച്ചും ഉള്ള ചട്ടങ്ങളാണ്. |

സെക്ഷൻ ഓഫീസർ